## പതിനാലാം കേരള നിയമസഭ

## ഒന്നാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത നിയമസഭാ ചോദ്യം നം.1991** **15.07.2016-ൽ മറുപടിക്ക്**

### ബന്തടുക്കയ്ക്കും സമീപ വില്ലേജുകൾക്കും കടിവെള്ള പദ്ധതി

| ചോദ്യം | | മറുപടി | |
|---|---|---|---|
| ശ്രീ.കെ.കുഞ്ഞിരാമൻ : | | മാത്യു.ടി.തോമസ് (ജലവിഭവ വകുപ്പ് മന്ത്രി) | |
| എ | കാസർഗോഡ് ജില്ലയിൽ ബന്തടുക്കയ്ക്കും സമീപ വില്ലേജുകൾക്കുമുള്ള കുടിവെള്ള പദ്ധതിക്ക് എത്ര രൂപ അനുവദിച്ചിട്ടുണ്ട്; വിശദാംശങ്ങൾ ലഭ്യമാക്കുമോ; | എ | ഈ പദ്ധതിയ്ക്ക് ദേശീയ ഗ്രാമീണ കുടിവെള്ള പദ്ധതിയിൽ 800 ലക്ഷം രൂപ അനുവദിച്ചിട്ടുണ്ട്. ഈ പദ്ധതിയുടെ ഒന്നാം ഘട്ടം നടപ്പിലാക്കുന്നതിന് ഭരണാനുമതിയും നൽകിയിട്ടുണ്ട്. |
| ബി | തുക അനുവദിച്ചിട്ട് എത്ര മാസമായെന്നും പദ്ധതിയുടെ നിലവിലുള്ള സ്ഥിതി എന്താണെന്നും വിശദമാക്കാമോ; | ബി | 45 മാസം. പദ്ധതിയ്ക്ക് അനുയോജ്യമായ സ്ഥലം പഞ്ചായത്ത് ഇതുവരെ ലഭ്യമാക്കാത്തതുകൊണ്ട് പദ്ധതിയുടെ പ്രവർത്തനം ഇതുവരെ തുടങ്ങുവാൻ സാധിച്ചിട്ടില്ല. |
| സി | പഞ്ചായത്തിന് സ്ഥലംനൽകാൻ ഇല്ലാതെ വരുകയും പ്രദേശത്ത് ധാരാളം റവന്യൂ ഭൂമി ലഭ്യമായിരിക്കുന്ന സാഹചര്യത്തിലും പ്രസ്തുത ഭൂമി ഈ പദ്ധതിക്കായി ലഭിക്കുന്നതിന് നടപടി സ്വീകരിക്കാത്തത് എന്തുകൊണ്ടാണെന്ന് വിശദമാക്കാമോ; | സി | ഈ പദ്ധതിയുടെ ജലശുദ്ധീകരണ ശാലയ്ക്ക് ആവശ്യമായ 50 സെന്റ് സ്ഥലം കുറ്റിക്കോൽ പഞ്ചായത്തിലെ കരിവേടകം വില്ലേജിൽ റി.സ. നം.106/1-ൽ ലഭ്യമാക്കുന്നതിനു വേണ്ടി ജില്ലാ കളക്ടർക്ക് അപേക്ഷ സമർപ്പിച്ചിട്ടുണ്ട്. പദ്ധതിയ്ക്കാവശ്യമായ ഭൂതല സംഭരണിക്കു വേണ്ടി കുറ്റിക്കോൽ പഞ്ചായത്തിലെ ബന്തടുക്ക വില്ലേജിൽ റി.സ നം.148-ൽ 15 സെന്റ് സ്ഥലം പഞ്ചായത്ത് ഇതുവരെ അനുവദിച്ച് തന്നിട്ടില്ല. ഈ പദ്ധതിയ്ക്കായി പമ്പ് ഹൗസും കിണറും സ്ഥാപിക്കുന്നതിനാവശ്യമായ 10 സെന്റ് സ്ഥലം പനത്തടി പഞ്ചായത്തിലെ പനത്തടി വില്ലേജിൽ (റി.സ നം.271) പ്രസ്തുത പഞ്ചായത്ത് അനുവദിച്ചു തന്നിട്ടില്ല. മേൽപ്പറഞ്ഞ ഘടകങ്ങളിൽ ശുദ്ധീകരണ ശാലയ്ക്ക് കണ്ടെത്തിയ സ്ഥലം മാത്രമേ റവന്യൂ ഭൂമിയായിട്ടുള്ളൂ. സ്ഥലം ലഭ്യമാക്കാത്തതു കൊണ്ടാണ് പദ്ധതി തുടങ്ങുവാൻ കാലതാമസം |